നിറവ് കാർഷിക പദ്ധതി

144 (3115) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് കാർഷികപദ്ധതിയുടെ ഭാഗമായി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതിരേഖകളും വ്യക്തമാക്കുമോ ;

(ബി) കൃഷി വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾ ആണ് ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നിറവ് കാർഷിക പദ്ധതിയുടെ ഭാഗമായി ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകരിച്ച് ചുവടെ പറയുന്ന പദ്ധതികൾ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ 2013-14-ൽ നടപ്പിലാക്കി

1.	ജാതി കൃഷി വികസനം	3750 എണ്ണം	7.5 ലക്ഷം
2.	വെറ്റിലകൃഷി വികസനം	3000 എണ്ണം	75 ലക്ഷം
		ആകെ	82.5 ലക്ഷം

(ബി) 2014-15-ൽ കൃഷി വകുപ്പിന്റെ ചുവടെ പറയുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളാണ് ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്.

1. ഗ്രൂപ്പ് ഫാമിംഗ്
2. പച്ചക്കറി വികസന പദ്ധതി
3. തെങ്ങുകൃഷി വികസന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

4. അഗ്രോ സർവ്വീസ് സെന്റർ
5. കാർഷിക കർമ്മസേന
6. സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം
7. വിള ആരോഗ്യ പരിപാലനം
8. മണ്ണിന്റെ ആരോഗ്യ പരിപാലനം
9. ബയോഗ്യാസ് വികസന പദ്ധതി
10. സംയോജിത കൃഷിത്തോട്ടം
11. കാർഷിക വിജ്ഞാന വ്യാപനം ശാക്തീകരണം
12. ആർ.കെ.വി.വൈ.

(സി) പഞ്ചായത്ത് തല കാർഷിക വികസന സമിതിയിൽ പദ്ധതികളുടെ മാനദണ്ഡം വ്യക്തമാക്കിക്കൊണ്ട് ജനപങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

(ഡി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 11 കൃഷി ഭവനുകളുടെയും പ്രവർത്തനം ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ

145 (3116) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട് ; പ്രസ്തുത സെന്ററുകൾ മുഖേന കർഷകർക്ക് എന്തൊക്കെ സേവനങ്ങളും സഹായങ്ങളുമാണ് ലഭ്യമാക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവൃത്തിക്കുന്നത് ; വിശദാംശം നൽകുമോ ;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly